വീട്ടമ്മയുടെ കൊലപാതകം

74 (3003)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എടവക പഞ്ചായത്തിൽ പള്ളിക്കൽ കമ്മോത്ത് എന്ന സ്ഥലത്ത് ആയിഷ എന്ന വീട്ടമ്മ 1995 നവംബർ മാസം 18-ാം തീയതി കൊലചെയ്യപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കൊലപാതകം സംബന്ധിച്ച അന്വേഷണം പൂർത്തി യായതായി അറിയുമോ;

(ഡി) ഏത് ഏജൻസിയാണ് പ്രസ്തുത അന്വേഷണം നടത്തുന്ന തെന്ന വിവരം അറിയിക്കാമോ;

(ഇ) ഈ കേസ് അന്വേഷണം പൂർത്തിയാക്കാൻ കഴിയാത്ത സാഹ ചര്യത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) അന്വേഷണം ഊർജിതമാക്കുന്നതിനും കുറ്റവാളികളെ കണ്ടെ ത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനന്തവാടി പോലീസ് സ്റ്റേഷനിൽ ക്രൈം 294/95 ആയി രജി സ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും മരണകാരണം "ഡ്യൂ റ്റു ഹെഡ് ഇൻജുറി" എന്ന് സ്ഥിരീകരിച്ചിട്ടുള്ളതും എന്നാൽ പ്രതികളെ കണ്ടെ ത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ പ്രസ്തുത കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറുകയുണ്ടായി. ക്രൈംബ്രാഞ്ച് അന്വേഷണത്തിലും പ്രതികളെ കണ്ടെ ത്താൻ കഴിയാത്തതിനാൽ കേസ് അന്വേഷണ ചുമതല ഒരു സ്പെഷ്യൽ ടീമിനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്.

(ഡി) മാനന്തവാടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേ ഷണം നടത്തിവരുന്നു.

(ഇ)&(എഫ്) അന്വേഷണം ഊർജിതമായി നടന്നുവരുന്നു.

തൃക്കലങ്ങോട് പഞ്ചായത്തിന്റെ ഭൂമി കയ്യേറിയ സംഭവം

75 (3004)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് പഞ്ചായത്തിന്റെ വക ഭൂമി ചില ആളുകൾ കയ്യേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില പോലീസ് ഉദ്യോഗസ്ഥന്മാർ പഞ്ചായത്തു ഭൂമി കയ്യേറുന്ന തിന് സഹായകരമായ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്തിന്റെ അധീനതയിലുള്ള പുലത്ത് ലക്ഷംവീട് കോള നിയിൽ അനധികൃതമായി കയ്യേറി പുര കെട്ടാൻ പോലീസ് ഉദ്യോഗസ്ഥന്മാർ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുനിന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വീടു പുതുക്കി പണിയാൻ പോലീസ് സംരക്ഷണം നൽകിയിട്ടുണ്ട്.

കസ്റ്റഡി മരണം

76 (3005)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 1-ന് ശേഷം ജൂൺ 30വരെ പോലീസ് കസ്റ്റഡിയിലെടുത്ത ഏതെങ്കിലും പ്രതികൾ കസ്റ്റഡിയിൽ വച്ച് മരിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ്;

(ബി) ഇവ ലോക്കപ്പ് മരണമായിട്ടാണോ അതോ സാധാരണ മരണമായിട്ടാണോ പോലീസ് കേസ്സെടുത്തിട്ടുള്ളത്;

(സി) കീഴ്വായ്പ്പൂർ പോലീസ് കസ്റ്റഡിയിലെടുത്ത മോഹനൻ മരിച്ചതിനെ സംബന്ധിച്ച് ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് ആർക്കെല്ലാം എതിരെയാണ് കേസ്സെടുത്തിട്ടുള്ളത്;

(ഡി) ഇതിന്മേൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) മോഹനന്റെ മരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ കേസ്സും ഏത് വകുപ്പ് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; ആരെല്ലാമാണ് പ്രതികൾ?

ഉത്തരം

(എ) 1999 ജനുവരി 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ പോലീസ് കസ്റ്റഡിയിലെടുത്ത പ്രതികളിൽ കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ മദ്യപിച്ച് അബോധാവസ്ഥയിൽ കസ്റ്റഡിയിലെടുത്ത ചന്ദ്രമോഹൻ എന്നയാൾ 25-4-1999ലും പത്തനംതിട്ട ജില്ലയിൽ കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ മാലമോഷണം നടത്തിയതിന് നാട്ടുകാരുടെ മർദ്ദനമേറ്റ നിലയിൽ, കസ്റ്റഡിയിലെടുത്ത മോഹനൻ എന്നയാളെ കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോകുന്ന വഴിയിൽ 30-6-1999ലും മരിച്ചുപോയിട്ടുണ്ട്. ലോക്കപ്പ് മരണമല്ല.

(ബി) അസ്വാഭാവിക മരണത്തിന് എടുത്ത പ്രസ്തുത കേസ്സുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് പോലീസ് അന്വേഷിച്ചുവരുന്നു.

(സി)-(ഇ) മോഹനന്റെ മരണവുമായി ബന്ധപ്പെട്ട് ഐ.പി.സി.യിലെ 143, 147, 148, 149, 302 എന്നീ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സാണ് നിലവിലുള്ളത്. കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly